മിസ്റ്റർ ബി. വി. കെ. മേനോൻ: ആദ്യം അവരെ ഒരു കൊല്ലത്തേക്കാണ് വെച്ചിരിക്കുന്നത്. അവരെ ഇനി എപ്പോൾ വേണമെങ്കിലും മാറാം. ഇപ്പോഴും അവർതന്നെയാണ് തുടർന്നുകൊണ്ടിരിക്കുന്നത്.

മിസ്റ്റർ പി. ശങ്കരമേനോൻ: ഇനിയെങ്കിലും ഇവരെ ഒന്നു മാറ്റുവാൻ ആലോചിക്കാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ആലോചിക്കാം.

Mr. M. K. Raja *(Mulakunnathukavu)*: Will the Government kindly take note from the trend of discussion on this question that there are very serious complaints from the passenger public with regard to the difficulties experienced by them in the various bus services in the State?

Mr. B. V. K. Menon *(Secretary to Government)*: Yes. As a matter of fact the very idea of this fleet ownership is to increase the convenience of the travelling public and Government will be only very anxious to do anything which will promote their convenience and comforts.

Mr. M. K. Raja *(Mulakunnathukavu)*: In view of that will the Government consider the question of giving more representation to the ordinary passenger public in the Transport Authority Committee?

Mr. President: They are very useful suggestions. Note will be taken of these suggestions.

ERNAKULAM—MATTANCHERI BUS SERVICE

224. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെന്റ് സദയം മറുപടി പറയുമോ.—

(എ) എറണാകുളത്തുനിന്നു മട്ടാഞ്ചേരിയിലേക്കു സർവ്വീസ് ഓടിക്കുന്നതിനു ആക്കെല്ലാം അനുവാദം കൊടുത്തിട്ടുണ്ട്; ഇവർ ഓരോരുത്തരും എത്ര ബസ്സുകൾ ഈ ലൈനിൽ ഓടിക്കുന്നുണ്ട്;

(ബി) ഈ ലൈനിൽ ബസ്സ് സർവ്വീസ് നടത്തുന്നതിനു വേറെ ആരെങ്കിലും പർമിറ്റ്-ൽ അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാം; അവരുടെ അപേക്ഷകൾ സംബന്ധിച്ചു എന്തു തീരുമാനം ചെയ്തു;

(സി) അവരുടെ അപേക്ഷകൾ നിരസിച്ചെങ്കിൽ അതിനു കാരണമെന്ത്;

(ഡി) എറണാകുളത്തുനിന്നു മട്ടാഞ്ചേരിക്കു ഒരു യാത്രക്കാരന്റെ പക്കൽനിന്നു fare എത്രയാണ് നിശ്ചയിച്ചിരിക്കുന്നതു; എത്ര മൈൽ ഉണ്ടു;

(ഇ) ഈ ലൈനിൽ കഴിഞ്ഞ മേടം, ഇടവം, മിഥുനം എന്നീ മാസങ്ങളിൽ overload-നു് ഏതെങ്കിലും ബസ്സുകൾ ചാർജ്ജുചെയ്തിട്ടുണ്ടോ;

(എഫ്) ഇപ്പോൾ എറണാകുളം മുതൽ മട്ടാഞ്ചേരിവരെ ഒരു യാത്രക്കാരനിൽനിന്നും വസൂലാക്കുന്ന ബസ്സ് fare എന്തിനെ അടിസ്ഥാനപ്പെടുത്തി നിർണ്ണയിച്ചിട്ടുള്ളതാണ്; അതു് കുറവുചെയ്യുന്നതിനു ആലോചനയുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ:

(എ) പി. എസ്സ്. എൻ. സർവ്വീസ്, പയനീർ ലോറി സർവ്വീസ് ഇവരിൽ ഒരോരുത്തരും നാലു ബസ്സുകൾ വീതം ഓടിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ മാർച്ചിനെ ഉദ്ദേശിച്ചാണ് ചോദ്യമെങ്കിൽ ടി കൊല്ലത്തിൽ ആരുംതന്നെ അപേക്ഷിച്ചിട്ടില്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) 8 അണ.

(10 മൈൽ)

(ഇ) ഉവ്വ്.

(എഫ്) കരിയുടെ അധികവില; എറണാകുളത്തും, മട്ടാഞ്ചേരിയിലും ഷെഡ്ഡുകൾക്കുള്ള കൂടുതൽ വാടക; ഡ്രൈവർ, കണ്ടക്ടർ ഇവരുടെ അധികശമ്പളം; Willingdon Island through route permit-നുള്ള കൂടുതൽ ചിലവു്; രണ്ടു് മുനിസിപ്പൽ പൂങ്കത്തിനുള്ള ചിലവു് ഇവകളെ ഗണിച്ചാണ് fare നിർണ്ണയിച്ചിട്ടുള്ളതു്. കുറവുചെയ്യേണ്ട ആലോചന ഇപ്പോൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഫ ഫ വ ഠ-ൽ ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: നോട്ടീസ്സ് വേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: കഴിഞ്ഞ മേടം, എടവം, മിഥുനം എന്നീമാസങ്ങളിൽ ഓവർ ലോഡിന്നു് ബസ്സു് ചാർജ്ജു് ചെയ്തിട്ടുണ്ടെന്നു് പറയുന്നുണ്ടു്. എന്നാൽ അങ്ങിനെ ഏതു കെസ്സുകളും ചാർജ്ജു് ചെയ്തിട്ടുണ്ടു്.

മസ്റ്റർ ബി. വി. കെ. മേനോൻ: നോട്ടിസ്സ് വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ബസ്സുകളിൽ കൺടാക്ടർമാർ എന്നു പറയുന്നതാരാണു്?

മിസ്റ്റർ ബി. വി. കെ. മേനോൻ: കൺടാക്ടരല്ല; കണ്ടക്ടരാണു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ മട്ടാഞ്ചേരി, എറണാകുളം, ലൈനിലുള്ള ഡ്രൈവർമാക്കും, കണ്ടക്ടർമാക്കും മറ്റു ലൈനിലുള്ളതിനെക്കാൾ കൂടുതൽ ശമ്പളമുണ്ടെന്നാണോ ഗവ ൺമെണ്ടു് പറയുന്നതു് ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതു് കൃത്യമായിട്ടു് പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഈ ലൈനിൽ ഡ്രൈവർമാക്കും, കണ്ടക്ടർമാക്കും അധിക ശമ്പളം കൊടുക്കുന്നതാണു് ചാർജ്ജുകൂട്ടാനുള്ള ഒരു കാരണമെന്നു പറഞ്ഞിട്ടുണ്ടു്. ഇതു് ശരിയാണൊയെന്നു് ഗവൺമെണ്ടു് അന്വേഷിക്കാമോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അന്വേഷിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഈ ലൈനിൽ Wear and tear കൂടുതൽ കൂടുവല്ലേ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ടാർ ഇട്ട റോഡിൽകൂടി പോകുന്നേടത്തോളം കുറവാണു്.

മിസ്റ്റർ പി. ശങ്കരമേനോൻ: കരി ഉപയോഗിക്കുന്ന ബസ്സുകൾ, ഇപ്പോഴും ഓടുന്നുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഉവ്വു്.

മിസ്റ്റർ സീ. ആർ. ഇയ്യണ്ണി: ഈ ലൈനിൽ മുനിസിപ്പാൽ ടോൾ രണ്ടു സ്ഥലത്തുകൊടുക്കണമെന്നുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: വേണം.

മിസ്റ്റർ പി. മാണി: ഈ ലൈനിൽ ഏറ്റവും ചുരുങ്ങിയ ചാർജ്ജു് എന്താണു്?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഒണ.യാണു്.

മിസ്റ്റർ പി. മാണി: തൃപ്പൂണിത്തുറ മുതലായ ലൈനുകളിൽ ഓടുന്ന ബസ്സുകൾക്കു് ഏറ്റവും കുറഞ്ഞ ചാർജ്ജു് എത്രയാണെന്നറിയാമൊ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: നിശ്ചയമില്ല.

മിസ്റ്റർ പി. മാണി: എന്തുകൊണ്ടാണു്, മറ്റു ലൈനുകളിൽ അങ്ങിനെ ചെയ്യാത്തതു് ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതിനെപ്പറ്റി പ്രത്യേകം ഒരു ചോദ്യമയച്ചാൽ മറുപടി പറയാം.

TODDY SHOP—KOZHINJAMPARA

225. മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) കൊഴിഞ്ഞാമ്പാറയിലെ കള്ളുഷാപ്പു് നഗരമദ്ധ്യത്തിൽനിന്നു നീക്കേണമെന്നു ആവശ്യപ്പെട്ടുകൊണ്ടു് പൊതുജന ഉൗഴിയർ സംഘത്തിൽനിന്നും ഫൻ ൪൪ ഒക്ടോബർ ൨൯-ാംനു ഒരു ഹർജി അധികൃതന്മാർക്കു ലഭിക്കുകയുണ്ടായോ;

(ബി) ഉവ്വെങ്കിൽ അതിനെന്തു മറുപടിയാണു് അയച്ചതു്;

(സി) അതിനെത്തുടർന്നു് എടുത്ത നടപടിയെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly